**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1847 15.07.2016 -ന് മറുപടിയ്ക്ക്

## പിന്നോക്ക സമുദായ കോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന ധനസഹായങ്ങൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | പിന്നോക്ക സമുദായ കോർപ്പറേഷനിൽ നിന്ന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | എ) | മറ്റു പിന്നോക്ക/മത ന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ടവരുടെ സമഗ്ര പുരോഗതിക്ക് വേണ്ടി വ്യാവസായികം, കാർഷികം, സേവനം, ഗതാഗതം, കരകൗശലം തുടങ്ങിയ മേഖലകളിൽ ചെറുകിട യൂണിറ്റുകൾ തുടങ്ങുവാനും സ്വയം തൊഴിൽ വായ്പകളും വിവാഹ ധനസഹായം, വിദ്യാഭ്യാസം തുടങ്ങിയ ബഹുവിധ ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികളും നടപ്പിലാക്കിവരുന്നു.<br>കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ താഴെപ്പറയുന്നു.<br>**(i) മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ( ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ പദ്ധതികൾ)**<br>(1) സ്വയം തൊഴിൽ വായ്പ<br>(2) വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ<br>(3) കാർഷിക വായ്പ<br>(4) സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസമോ പരിശീലനമോ നേടിയിട്ടുള്ളവർക്ക്)<br>(5) വിദ്യാഭ്യാസ വായ്പ |

| | | | |
|---|---|---|---|
| | | | (6) ശില്പ സമ്പദ<br>(7) ലഘു വായ്പ (NGO/CDS മുഖേന)<br>(8) മഹിളാ സമൃദ്ധി യോജന (NGO/CDS മുഖേന)<br>(9) കൃഷി സമ്പദ (NGO/CDS മുഖേന)<br><br>**(ii) ന്യൂനപക്ഷ മത വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ( ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പദ്ധതികൾ)**<br>(1) സ്വയം തൊഴിൽ വായ്പ<br>(2) കാർഷിക വായ്പ<br>(3) വിദ്യാഭ്യാസ വായ്പ<br>(4) ലഘു വായ്പ (NGO/CDS മുഖേന)<br><br>**(iii) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതികൾ**<br>(1) വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ<br>(2) വിവാഹ ധനസഹായ വായ്പ<br>(3) വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ<br>(4) ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ<br>(5) ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ<br>(6) ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ<br>(7) ലഘു വായ്പ (NGO/CDS മുഖേന)<br>(8) പ്രവർത്തന മൂലധന വായ്പ<br>(9) ഭവനശ്രീ വായ്പ (പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്)<br>(10) വിദ്യാശ്രീ വായ്പ<br>(11) സ്വയം തൊഴിൽ വായ്പ<br>(12) സുവർണ്ണശ്രീ |
| ബി) | പ്രസ്തുത സ്ഥാപനം വഴി വിദ്യാഭ്യാസ വായ്പ ലഭിക്കുന്നുണ്ടോ; എങ്കിൽ 2015-16 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് വായ്പ ലഭിച്ചു എന്നും ആകെ എത്ര തുക നൽകി എന്നും വായ്പ | ബി) | വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്.<br><br>2015-16 സാമ്പത്തിക വർഷത്തിൽ 2100 പേർക്ക് 24,45,62,800/- രൂപ വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തിരിച്ചടവിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | | ടി വായ്പയുടെ തിരിച്ചടവ്, കോഴ്സ് കഴിഞ്ഞ് 6 മാസം അല്ലെങ്കിൽ ജോലി കിട്ടി 3 മാസം (ഏതാണോ ആദ്യം) മുതൽ അടച്ചു തുടങ്ങേണ്ടതാണ്. തിരിച്ചടവ് കാലാവധി 60 മാസം. |
| സി) | ഏതെല്ലാം കോഴ്സുകൾക്കാണ് വായ്പ നൽകുന്നതെന്ന് വ്യക്തമാക്കാമോ? | സി) | വിദ്യാഭ്യാസ വായ്പ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) പദ്ധതി പ്രകാരം ഗവഃ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ ബിരുദ / ബിരുദാനന്തര കോഴ്സിന് പഠിക്കുന്നവർക്കും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) പദ്ധതി പ്രകാരം ഗവഃ അംഗീകൃത ടെക്നിക്കൽ/പ്രൊഫഷണൽ ഡിപ്ലോമ / ഡിഗ്രി കോഴ്സിന് പഠിക്കുന്നവർക്കും ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**